# 23
# യോഹന്നാൻ സ്നാപകനും യേശുവും
## (11:1-19)

മത്തായി അടുത്തതായി ശ്രദ്ധിക്കുന്നത്, യേശുവിന്റെ ഉപദേശത്തോടും പ്രവൃത്തികളോടുമുള്ള ജനത്തിന്റെ പ്രതികരണത്തെയാണ്. ആ പ്രതികരണങ്ങൾ ചിലപ്പോൾ പ്രതികൂലമായിരുന്നു. യോഹന്നാൻ സ്നാപകൻ പോലും കർത്താവിനെ ചോദ്യം ചെയ്തു.[1] യോഹന്നാനേയും യേശുവിനേയും കുറിച്ചു ചർച്ച ചെയ്തശേഷം, മത്തായി (11:1-19), മാനസാന്തരപ്പെടാത്ത പട്ടണങ്ങളെ യേശു ശാസിക്കുന്നതായി പറയുന്നു (11:20-24), യേശുവിന്റെ പ്രാർത്ഥനയും, തന്റെ അടുക്കലേക്ക് യേശു എല്ലാവരേയും ക്ഷണിക്കുന്നതും രേഖപ്പെടുത്തിയിരിക്കുന്നു (11:25-30).

### യോഹന്നാന്റെ ചോദ്യം (11:1-3)

**1യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാരോട് കൽപിച്ച ശേഷം, അതതു പട്ടണങ്ങളിൽ ഉപദേശിപ്പാനും പ്രസംഗിപ്പാനും അവിടെനിന്നു പറപ്പെട്ടുപോയി.**
**2യോഹന്നാൻ കാരാഗൃഹത്തിൽവെച്ച് ക്രിസ്തുവിന്റെ പ്രവൃത്തികളെ കുറിച്ച് കേട്ടിട്ട് തന്റെ ശിഷ്യന്മാരെ അയച്ചു 3"വരുവാനുള്ളവൻ നീയോ, ഞങ്ങൾ മറ്റൊരുത്തനെ കാത്തിരിക്കണോ?"**

**വാക്യം 1.** ആ വാക്കുകളാൽ, യേശു തന്റെ **പന്ത്രണ്ട് ശിഷ്യന്മാരോടുള്ള നിർദ്ദേശം** അവസാനിപ്പിച്ചുവെന്നു സൂചിപ്പിക്കുന്നു. അതിനുശേഷം, അദ്ധ്യായം 11 ലും 12 ലും അവൻ മറ്റുള്ളവരോട് ആശയവിനിമയം ചെയ്യുകയാണ്. ജാക്ക് പി. ലേവിസ് പറഞ്ഞു,

> 1228 ലെ സ്റ്റീഫൻ ലാങ്ടനിന്റെ അദ്ധ്യായം 10 ഉം 11 ഉം തമ്മിലുള്ള വിഭജനം നിർഭാഗ്യകരമാണ്, കാരണം വാക്യം 1 അദ്ധ്യായം 10 ന്റെ ഉപസംഹാരത്തെ എടുത്തു കാണിക്കുന്നു. മത്തായിയിലെ ഉപദേശഭാഗങ്ങളിലെ അഞ്ചു വാചകങ്ങളിൽ രണ്ടാമത്തേതാണ് അത് (ഒ. വാ. 7:28; 13:53; 19:1; 26:1).[2]

11:1 ലെ "അവന്റെ പന്ത്രണ്ട് ശിഷ്യന്മാർ" എന്ന പ്രസ്താവന 10:1 ലേതിന് സമാനമാണ്. അതു രണ്ടും അദ്ധ്യായം 10 ന്റെ അവസാനത്തെ കുറിക്കുന്നു.

മത്തായി വസ്തുത വ്യക്തമാക്കുന്നില്ലെങ്കിലും, ശിഷ്യന്മാർ പുറപ്പെട്ടുപോയശേഷം, യേശു അവരെ ചുമതലപ്പെടുത്തിയ പ്രവൃത്തി നിർവ്വഹിക്കുന്നതിനായി അവർ പോയി (മർക്കൊ. 6:12, 13; ലൂക്കൊ. 9:6). ചുരുങ്ങിയത് കുറെ

സമയം **യേശു** തന്നെ ശുശ്രൂഷ ചെയ്തു. ഒരുപക്ഷെ അവൻ ശിഷ്യന്മാർ പോയ വഴിക്ക് പോയിരിക്കാം (10:23 ന്റെ പരാമർശം നോക്കുക).

**അവൻ അവിടെ നിന്നു പുറപ്പെട്ടുപോയി** എന്നതും മറ്റു ബന്ധപ്പെടുത്തുന്ന സാധാരണ ഉപയോഗങ്ങളും മത്തായി നടത്തിയിട്ടുണ്ട് (12:9; 13:53; 15:29; 19:1) ആ പട്ടണങ്ങളിൽ **പ്രസംഗിക്കുകയും ഉപദേശിക്കുകയും** ചെയ്യുന്നതിനായിരുന്നു യേശു അവിടം വിട്ടുപോയത് (4:23; 9:35 ന്റെ പരാമർശം നോക്കുക). “പ്രസംഗവും,” “ഉപദേശവും” ഒന്നുപോലെ തോന്നാമെങ്കിലും, വ്യത്യാസമുണ്ട്. ദൈവവചനഘോഷണത്തിൽ ശ്രദ്ധിക്കുന്നതാണ് “പ്രസംഗം” പക്ഷെ “ഉപദേശം” കൂടുതൽ വിശദീകരണം ഉൾപ്പെടുന്നതാണ്. “സൗഖ്യമാക്കൽ” ഈ സംക്ഷിപ്തത്തിൽ ഇല്ല എന്നതു ശ്രദ്ധേയമാണ്.

**വാക്യം 2. യോഹന്നാനെ തടവിലാക്കിയത്** മത്തായിയുടെ വിവരണത്തിൽ മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നു (4:12; 11:2; 14:3). ജോസെഫസ് പറഞ്ഞതനുസരിച്ച്, ഹെരോദാവ് അന്തിപ്പാസ് ആണ് പെറിയയുടെ തെക്കേ അറ്റത്തും ചാവുകടലിന്റെ കിഴക്കുഭാഗത്തായും[3] സ്ഥിതി ചെയ്തിരുന്ന മക്കെയരസ് (അല്ലെങ്കിൽ മക്കേരസ്) കോട്ടയിൽ വെച്ച് അവനെ തടവിലാക്കിയത്. മഹാനായിരുന്ന ഹെരോദാവിന്റെ കൈവശമായിരുന്ന പല കോട്ടകളിൽ ഒന്നായിരുന്നു ഇത്. അത് പാലസ്തീന്റെ കിഴക്കു വശം സംരക്ഷിക്കുന്നതിനായിരുന്നു. “*മെക്കയിരാ* എന്നതിൽ നിന്നാകാം കോട്ടക്ക് ആ പേർ വന്നത്, അത് മലയിടുക്കുകളെ മൂന്നു വശങ്ങളിൽനിന്നു സംരക്ഷിക്കുന്നവിധത്തിൽ, സമുദ്രനിരപ്പിൽനിന്ന് എഴുന്നൂറ് മീറ്റർ (1,600 അടി) ഉയരത്തിൽ ഉയർന്ന പീഠത്തിൽ ഒരു കഠാര വെച്ചിരിക്കുന്നതുപോലെയാണ്.” [4]

ഹെരോദ്യ എന്ന സഹോദര - ഭാര്യയെ അവിഹിതമായി വിവാഹം കഴിച്ച തെറ്റു ധൈര്യമായി ചൂണ്ടിക്കാണിച്ചതിനായിരുന്നു യോഹന്നാനെ തടവിലാക്കിയത് (ലൂക്കൊ. 3:19, 20; ലേവ്യ. 18:16 നോക്കുക). അവൾ അവന്റെ അർദ്ധ - സഹോദരനായിരുന്ന അരിസ്റ്റോബുലസിന്റെ മകളും, അവന്റെ സഹോദരനായ ഹെരോദാവ് ഫിലിപ്പിന്റെ ഭാര്യയുമായിരുന്നു. റോമിലേക്കുള്ള ഒരു യാത്രയിൽ, ഹെരോദാവ് അന്തിപ്പാസ്, അവളിൽ ആകൃഷ്ടനായി അവളെ വഴിതെറ്റിക്കുകയും, വീട്ടിൽ ചെന്നു ഭാര്യയെ ഉപേക്ഷിച്ച്, ഹെരോദ്യയെ വിവാഹം കഴിക്കുകയും ചെയ്തു. ആളുകളെ ഭയപ്പെട്ടില്ലായിരുന്നുവെങ്കിൽ, ഹെരോദാവ് ഉടനെ തന്നെ അവനെ കൊല്ലുവാൻ കൽപിക്കുമായിരുന്നു യോഹ. (14:5).

സ്പഷ്ടമായും, യോഹന്നാന്റെ **ശിഷ്യന്മാരിൽ** ചിലർ യേശുവിന്റെ പ്രവൃത്തികളെ നിരീക്ഷിക്കുകയും വിവരം അവനെ ധരിപ്പിക്കയും ചെയ്തു. അവർ യേശുവിനെ സന്ദർശിച്ചപ്പോൾ (9:14), ഉപവാസത്തെ കുറിച്ച് അവർ യേശുവിനോട് ചോദിച്ചിരുന്നു. അതിനു പുറമെ, യേശു നയീനിലെ വിധവയുടെ മകനെ ഉയർപ്പിച്ചശേഷം, അവർ “ഇതൊക്കെയും യോഹന്നാന്റെ ശിഷ്യന്മാർ അവനോട് അറിയിച്ചു” (ലൂക്കൊ. 7:18). **ക്രിസ്തുവിന്റെ പ്രവൃത്തികളെ** കുറിച്ച് കേട്ടിട്ട്, അവൻ ക്രിസ്തു തന്നെയോ എന്നറിയുവാൻ യോഹന്നാൻ, തന്റെ ശിഷ്യന്മാരിൽ ചിലരെ അവന്റെ അടുക്കലേക്ക് അയച്ചു.

**വാക്യം 3.** യോഹന്നാന്റെ സന്ദേശം ഇതായിരുന്നു: “**വരുവാനുള്ളവൻ നീ തന്നെയോ, അതോ ഞങ്ങൾ മറ്റാരെയെങ്കിലും നോക്കേണമോ?**” യേശു ആരാണെന്ന് യോഹന്നാന് അറിയാമായിരുന്നു, കാരണം അവർ ബന്ധുക്കളായിരുന്നു (ലൂക്കൊ. 1:36). “ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” എന്ന് യോഹന്നാൻ യേശുവിനെ സമ്മതിച്ചതായിരുന്നു

(യോഹ. 1:29). "ആത്മാവ് അവനിലേക്ക് ഇറങ്ങുന്നതും അവനിൽ വസിക്കുന്നതും" അവൻ കണ്ടിരുന്നു (യോഹ. 1:32). "ഞാനോ കുറയേണം, അവനോ വളരേണം," എന്നും യോഹന്നാൻ യേശുവിനെ കുറിച്ച് പറഞ്ഞിരുന്നു (യോഹ. 3:30). പിന്നെ എന്തുകൊണ്ടാണ് യോഹന്നാനിൽ സംശയം ഉയർന്നത്?

പല സാധ്യതകളും ഉണ്ടായിരുന്നു. ആ ചോദ്യത്തിന്റെ ഗുണം ഒരുപക്ഷെ യോഹന്നാനു വേണ്ടി ആയിരിക്കയില്ല, അവന്റെ ശിഷ്യന്മാർക്ക് വേണ്ടി ആയിരുന്നേക്കാം. അവരിൽ ചിലർ യേശുവിന്റെ ശിഷ്യന്മാരോട് ചേരാതെ യേശു ആരാകുന്നു എന്ന ചോദ്യം ഉയർത്തിയിരിക്കാം – അത് അക്ഷമയുടെ പ്രശ്നമാണെന്ന് ചിലർ വിചാരിച്ചിരിക്കാം – തന്റെ മരുഭൂപ്രസംഗത്തിൽ മുന്നറിയിച്ചത് യേശു എപ്പോഴാണ് നിവർത്തിക്കുക എന്ന് യോഹന്നാൻ അറിയുവാൻ ആഗ്രഹിച്ചിരിക്കാം (3:7–12). യോഹന്നാൻ വിശ്വസിച്ചിരുന്നത് ഒന്നുകൂടെ ഉറപ്പിക്കുവാനായിരുന്നു ആ ചോദ്യം ഉന്നയിച്ചത് എന്നതാണ് മറ്റൊരു കാഴ്ച്ചപ്പാട്.

യോഹന്നാന്റെ സാഹചര്യവുമായി യോജിക്കുന്നതാണ് ഏറ്റവും നല്ല വിശദീകരണം. ഹെരോദാവ് അന്തിപ്പാസിന്റെ നിയമവിരുദ്ധമായ വിവാഹം തെറ്റാണെന്ന് ധൈര്യത്തോടെ പ്രസ്താവിച്ചതിനാൽ അവന്റെ പ്രസംഗം സത്യസന്ധവും വിശ്വസ്തതയോടുകൂടിയതുമായിരുന്നു. വരുവാനുള്ളവനു വഴി ഒരുക്കിക്കൊണ്ടിരുന്ന യോഹന്നാന് ഒരു നിമിഷം സംശയം ഉണ്ടായിക്കാണാം.

"വരുവാനുള്ളവൻ," "വരുന്നവൻ" (എൻകെജെവി), എന്നത് മശിഹയെ കുറിച്ചു പറയുന്നതാണ്, കാരണം യിസ്രായേൽ അവന്റെ വരവിനായി വളരെ കാലമായി നോക്കി പാർത്തിരിക്കുകയായിരുന്നു (സങ്കീ. 118:26). മിക്ക യെഹൂദന്മാർക്കും പരിചയമുള്ള വാക്കായിരുന്നു അത് (മത്താ. 3:11; 21:9; 23:39; യോഹ. 4:25; 6:14; 11:27; 12:13).

## യേശുവിന്റെ ഉത്തരം (11:4-6)

**4യേശു അവരോട്, 5"കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായി തീരുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു; ദരിദ്രരോട് സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നത് യോഹന്നാനെ ചെന്ന് അറിയിപ്പിൻ. 6എന്നാൽ എങ്കൽ ഇടറിപ്പോകാത്തവൻ എല്ലാം ഭാഗ്യവാൻ എന്ന് ഉത്തരം പറഞ്ഞു."**

**വാക്യം 4.** യോഹന്നാന്റെ ശിഷ്യന്മാരോട് യേശു നിസാരമായ "അതെ," അല്ലെങ്കിൽ "അല്ല" എന്ന ഉത്തരം അല്ല നൽകിയത്. പകരം, അവൻ അവർക്ക് സ്പഷ്ടമായ തെളിവുകളാണ് നൽകിയത്. ലൂക്കൊസ് രേഖപ്പെടുത്തി, "ആ നാഴികയിൽ അവൻ വ്യാധികളും ദണ്ഡങ്ങളും, ദുരാത്മാക്കളും പിടിച്ച പലരേയും സൗഖ്യമാക്കുകയും, പല കുരുടന്മാർക്ക് കാഴ്ച്ച നൽകുകയും ചെയ്തു" (ലൂക്കൊ. 7:21). യേശു പിന്നെ യോഹന്നാന്റെ ശിഷ്യന്മാരോട് പറഞ്ഞു, "**നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതു യോഹന്നാനെ ചെന്ന് അറിയിപ്പിൻ.**" തന്റെ സുവിശേഷ മാതൃകയിൽ മത്തായി ഉപയോഗിച്ച മാതൃകയാണ് "കാണുകയും കേൾക്കുകയും ചെയ്തത്" ആദ്യം, 5 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങളിൽ, അവൻ യേശുവിന്റെ ഉപദേശങ്ങളെ ("കേട്ടത്") അറിയിച്ചു, പിന്നെ 8 ഉം 9 ഉം അദ്ധ്യായങ്ങളിൽ അവന്റെ അത്ഭുതങ്ങളെ ("കണ്ടത്") അറിയിച്ചു.[5] ലൂക്കൊസ് 7:22 തിരിച്ചുള്ള ക്രമമാണ്, "കണ്ടതും

കേട്ടതും.”

**വാക്യം 5.** മശിഹ വരുമ്പോൾ ചെയ്തുകാണുമെന്ന് യെശയ്യാവ് പ്രവചിച്ചതായിരുന്നു യോഹന്നാന്റെ ശിഷ്യന്മാരുടെ സാന്നിധ്യത്തിൽ യേശു ചെയ്തത് (യെശ. 29:18, 19; 35:5, 6; 61:1). ആ അത്ഭുതങ്ങളെ നമുക്ക് മൂന്നു ജോഡികളായി തിരിക്കാം, മത്തായി 8 ലും 9 ലും അവ ചിത്രീകരിച്ചിട്ടുണ്ട്: (1) **കുരുടന്നു കാഴ്ച്ച ലഭിച്ചു** (9:27–31) **മുടന്തന് നടക്കുവാൻ കഴിഞ്ഞു** (8:5–13; 9:2–8); (2) **കുഷ്ഠരോഗികൾ ശുദ്ധരായി തീർന്നു** (8:1–4), **ചെകിടനു കേൾക്കുവാൻ കഴിഞ്ഞു** (9:32–34); (3) **മരിച്ചവർ ഉയിർത്തെഴുന്നേറ്റു** (9:18–26), **സുവിശേഷം പ്രസംഗിക്കുന്നത് ദരിദ്രർ കേൾക്കുകയും ചെയ്തു** (9:35). യേശുവിൽനിന്നു വ്യത്യസ്തമായി, യോഹന്നാൻ സ്നാപകൻ തന്റെ ശുശ്രൂഷക്കിടയിൽ യാതൊരു അത്ഭുതവും ചെയ്തില്ല (യോഹ. 10:41).

**വാക്യം 6.** ഒരു മനോഗുണത്തോടുകൂടിയാണ് യേശു തന്റെ ഉത്തരം അവസാനിപ്പിച്ചത്: ‘‘**എന്നിൽ ഇടറിപ്പോകാത്തവൻ ഭാഗ്യവാൻ.**” “ഇടറിപ്പോകുക” എന്നതിന്റെ ഗ്രീക്ക് ക്രിയ (*സ്കാന്റലിസോ*) “ഇടർച്ച” (*സ്കാന്റലോൺ*) എന്ന നാമവുമായി ബന്ധപ്പെട്ട് തർജിമ ചെയ്തതാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, മശിഹാ പ്രതീക്ഷയെ കുറിച്ചുള്ള തന്റെ മുൻവിധി യേശുവിലുള്ള വിശ്വാസത്തിന് ഇടർച്ചയായി തീരരുതെന്ന് വിചാരിച്ചിരിക്കാം.[6]

താൻ ചെയ്ത പ്രവൃത്തികളാലോ, അല്ലെങ്കിൽ താൻ ആരാണ് എന്നതിനാലോ അനേകം ആളുകൾ യേശുവിനെ തള്ളിക്കളഞ്ഞു. അവന്റെ ഉപദേശം കഠിനമാണെന്നു കരുതി, ചില ശിഷ്യന്മാർ അവനെ അനുഗമിക്കാതെ ഇടറിപോയതായി രേഖപ്പെടുത്തിയിരിക്കുന്നു (യോഹ. 6:60, 61, 66). യേശുവിന്റെ മാതൃപട്ടണമായ നസറേത്തിലെ ആളുകൾ, അവനിൽ “ഇടറി” പോയിരുന്നു. അവന്റെ ഉപദേശംകേട്ട ചിലർ ചോദിച്ചു, “അവന്നു ഈ ജ്ഞാനവും വീര്യപ്രവൃത്തികളും എവിടെനിന്ന്?” (13:54). ക്രൂശിന്റെ വചനം യെഹൂദന്മാർക്ക് “ഇടർച്ചയാണെന്ന്” പൗലൊസ് എഴുതിയിരിക്കുന്നു കാരണം, മശിഹ ക്രൂശീകരിക്കപ്പെടുന്നതിന്റെ യാഥാർത്ഥ്യം ഉൾക്കൊള്ളുവാൻ അനേകർക്ക് കഴിഞ്ഞില്ല (1 കൊ. 1:23; ഗലാ. 5:11).

## യോഹന്നാനെ കുറിച്ചുള്ള യേശുവിന്റെ പ്രശംസ (11:7-15)

**7അവർ പോയശേഷം യേശു യോഹന്നാനെ കുറിച്ച് പുരുഷാരത്തോട് പറഞ്ഞു തുടങ്ങിയത്, “നിങ്ങൾ എന്തു കാൺമാൻ മരുഭൂമിയിലേക്ക് പോയി? കാറ്റിനാൽ ഉലയുന്ന ഓടയോ? 8അല്ല എന്തു കാൺമാൻ പോയി? മാർദ്ദവ വസ്ത്രം ധരിച്ച മനുഷ്യനേയോ? 9മാർദ്ദവ വസ്ത്രം ധരിക്കുന്നവർ രാജഗൃഹങ്ങളിലല്ലോ? അല്ല എന്തിനു പോയി? ഒരു പ്രവാചകനെ കാൺമാനോ? അതേ, പ്രവാചകനിലും മികച്ചവനെ തന്നെ എന്നു ഞാൻ നിങ്ങളോട് പറയുന്നു. 10‘ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയക്കുന്നു;**

**അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും,’ എന്നു എഴുതപ്പെട്ടിരിക്കുന്നവൻ അവൻ തന്നെ.**

**11സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല; സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ, അവനിലും വലിയവൻ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു.**

**[12]യോഹന്നാൻ സ്നാപകന്റെ നാളുകൾ മുതൽ ഇന്നേവരെ സ്വർഗരാജ്യത്തെ ബലാൽക്കാരം ചെയ്യുന്നു. ബലാൽക്കാരികൾ അതിനെ പിടിച്ചടക്കുന്നു. [13]സകല പ്രവാചകന്മാരും ന്യായപ്രമാണവും യോഹന്നാൻ വരെ പ്രവചിച്ചു. [14]നിങ്ങൾക്ക് പരിഗ്രഹിപ്പാൻ മനസുണ്ടെങ്കിൽ, വരുവാനുള്ള ഏലിയാവ് അവൻ തന്നെ. [15]കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ."**

**വാക്യം 7.** യേശുവിന്റെ ഉത്തരം ലഭിച്ച ശേഷം, യോഹന്നാന്റെ സന്ദേശവാഹകർ സ്ഥലം വിട്ടു. **യേശു** പിന്നെ പുരുഷാരത്തോട് തിരിഞ്ഞു ചോദിച്ചു, **"നിങ്ങൾ എന്തു കാൺമാൻ മരുഭൂമിയിലേക്ക് പോയി? കാറ്റിനാൽ ഉലയുന്ന ഓടയോ?"** യെഹൂദ പുരുഷാരം അനേകം മൈലുകൾ പരുപരുത്ത റോഡുകളിൽകൂടെ നടന്നാണ് യോഹന്നാന്റെ പ്രസംഗം കേൾക്കുവാനും അവനാൽ സ്നാനം ഏൽക്കുവാനും പോയത് (3:5, 6). തീർച്ചയായും, യോഹന്നാൻ കാറ്റിൽ ഏതു ദിശയിലേക്കും ഉലയുന്ന ഓടയായിരുന്നില്ല. യോഹന്നാൻ തീർച്ചയും ധൈര്യവുമുള്ള ഒരു വ്യക്തിയായിരുന്നു. പരീശന്മാരുടേയും ശാസ്ത്രിമാരുടേയും കാപട്യത്തെ അവൻ ശാസിച്ചിരുന്നു (3:7–10). അതിലുപരിയായി, അവൻ അന്തിപ്പാസിന്റെ നിയമരഹിതമായ ദാമ്പത്യത്തെ തുറന്നു പറയുവാൻ മടിക്കാത്തവനായിരുന്നു. അക്കാരണത്താലായിരുന്നു, അവൻ, വാസ്തവത്തിൽ തടവിലായത് (14:3–5).

**വാക്യം 8.** അടുത്തത്, അവർ മരുഭൂമിയിലേക്ക് യാത്ര ചെയ്തുവെങ്കിൽ, **അതു മാർദ്ദവ വസ്ത്രം ധരിച്ച മനുഷ്യനെ കാണുവാനായിരുന്നോ** എന്നതായിരുന്നു യേശു ചോദിച്ചത്. "മാർദ്ദവ വസ്ത്രം" (*മലാക്കോസ്*) പല രീതിയിൽ സമാനതകളാൽ "വിലയേറിയ വസ്ത്രം" (എൻഎൽടി) എന്നും, "പരിഷ്കൃത വസ്ത്രം" (ടിഇഎവി) എന്നും, "സിൽക്കും സാറ്റിനും" (എൻഇഎബി) എന്നും പറഞ്ഞിരിക്കുന്നു. വീണ്ടും, ആ ചോദ്യത്തിനു തീർച്ചയായ ഉത്തരം "അല്ല" എന്നായിരുന്നു. പകരം, യോഹന്നാൻ ധരിച്ചിരുന്നത്, "ഒട്ടക രോമം കൊണ്ടുള്ള ഉടുപ്പും, അരക്കു തോൽവാറും ആയിരുന്നു." (3:4). അവന്റേത് ഒരു പ്രവാചകന്റെയും ഒന്നുമില്ലാത്തവന്റെയും വസ്ത്രമായിരുന്നു (2 രാജാ. 1:8; സെഖ. 13:4).[7]

യേശു പിന്നെ പറഞ്ഞു, **"മാർദ്ദവ വസ്ത്രം ധരിക്കുന്നവർ രാജഗൃഹത്തിലത്രെ!"** അത്തരം ആളുകളിൽ രാജാവും ഉൾപ്പെടുന്നു, അവർ തങ്ങളുടെ സ്വയം - പര്യാപ്തതക്കും, രാജകീയതക്കും, ധാർമ്മിക വിട്ടുവീഴ്ച്ചക്കും പ്രസിദ്ധരായിരിക്കും. അത്തരം സ്വഭാവങ്ങളെയായിരുന്നു യോഹന്നാൻ എതിർത്തിരുന്നത്.

**വാക്യങ്ങൾ 9, 10.** തന്റെ ചോദ്യപരമ്പരകളിൽ മൂന്നാമതായി യേശു ചോദിച്ചു, "**നിങ്ങൾ എന്തു കാൺമാൻ പോയി, ഒരു പ്രവാചകനെയോ?**" ഈ സംഭവത്തിൽ, ഉത്തരം ഉറപ്പുള്ളതായിരുന്നു. യോഹന്നാൻ തീർച്ചയായും ഒരു **പ്രവാചക**നായിരുന്നു, അവൻ **അതിലുമുപരി** ആയിരുന്നു.

മശിഹയെ കുറിച്ച് പ്രവചിക്കുവാനും അവനു വഴി ഒരുക്കുവാനുമായിരുന്നു യോഹന്നാൻ വന്നത്, യേശു മലാഖി ഉദ്ധരിച്ച് പറഞ്ഞതു (മലാ. 3:1).[8] അവൻ വരുവാനുള്ള ഏലിയാവായിരുന്നു എന്നാണ് (മലാ. 4:5; മത്താ. 11:14).

**വാക്യം 11. സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല** എന്ന് യേശു പറഞ്ഞു. "സ്ത്രീകളിൽ നിന്നു ജനിച്ചവർ" എന്ന പ്രയോഗത്തിന്റെ അർത്ഥം, "മനുഷ്യവർഗം"

എന്നാണ് (ഇയ്യോ. 14:1; 15:14; 25:4). അവന്റെ പങ്ക്, മശിഹയുടെ മുന്നോടി എന്ന തായിരുന്നു, അതിനാൽ അവൻ മനുഷ്യരിൽ വലിയവനായി തീർന്നിരുന്നു (ലൂക്കൊ. 1:15). ആ പ്രസ്താവനയിൽ യേശു തന്നെ ഒഴിവാക്കിയിരുന്നു, കാരണം അവൻ മശിഹ ആയിരുന്നു. അവന്റെ ജനനം അത്ഭുതകരമായിരുന്നുവെങ്കിലും (1:20 ന്റെ പരാമർശം നോക്കുക), അവനും "സ്ത്രീയിൽനിന്നു ജനിച്ചവനായിരുന്നു" (ഗലാ. 4:4).

യേശു തുടർന്നു, "**എങ്കിലും ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവൻ അവനേക്കാൾ വലിയവൻ**." അതെങ്ങനെ സംഭവിക്കും? സ്വർഗരാജ്യം ആസന്നമായിരിക്കുന്നു എന്ന് യോഹന്നാൻ പ്രസംഗിച്ചു എങ്കിലും യോഹന്നാൻ സ്വർഗരാജ്യത്തിലെ പൗരനായിരുന്നില്ല. രാജ്യം സ്ഥാപിക്കുന്നതിനു മുൻപ് അവൻ മരിച്ചുപോയി. യോഹന്നാൻ ആസ്വദിച്ചതിനേക്കാൾ കൂടുതൽ അനുഗ്രഹങ്ങളും നേട്ടങ്ങളുമാണ് ക്രിസ്ത്യാനികൾ ആസ്വദിക്കുന്നത്.[10]

**വാക്യം 12. യോഹന്നാൻ സ്നാപകന്റെ കാലം മുതൽ ഇന്നേ വരെ സ്വർഗരാജ്യത്തെ ബലാൽക്കാരം ചെയ്യുന്നു; ബലാൽക്കാരികൾ അതിനെ പിടിച്ചടക്കുന്നു.** രാജ്യം വരുന്നതിനു മുൻപ് "രാജ്യം ബലാൽക്കാരം ചെയ്യുന്നത്" എങ്ങനെ? രാജ്യം വന്നിട്ടില്ലായിരുന്നു എങ്കിലും അതിന്റെ തയ്യാറെടുപ്പിലായിരുന്നു. "യോഹന്നാന്റെ കാലം മുതൽ" എന്നത് അവന്റെ പരസ്യ ശുശ്രൂഷാ കാലമാണ്. യോഹന്നാന്റെ സന്ദേശം ശത്രുത ക്ഷണിച്ചുവരുത്തി, ദുഷ്ടമനുഷ്യരുടെ കയ്യാൽ അവൻ പെട്ടെന്ന് കൊല്ലപ്പെടുകയും ചെയ്തു (14:3-12). അപ്പൊസ്തലന്മാർക്ക് അവരുടെ സന്ദേശത്തിനു ചിലരുടെ അക്രമാസക്തമായ പ്രതികരണം നേരിടും എന്ന് യേശു മുന്നറിയിച്ചിരുന്നു (10:16-20). അവന്റെ ശുശ്രൂഷയും അക്രമാസക്തമായ എതിർപ്പ് നേരിടുകയും അവസാനം അതു മരണത്തിൽ കലാശിക്കുകയും ചെയ്തു (26:55-57, 65-68; 27:26, 30, 33-35, 50).

ഈ വാക്യത്തിലെ ഭാഗങ്ങൾ വ്യാഖ്യാനിക്കുവാൻ ബുദ്ധിമുട്ടുണ്ട്. "ബലാൽക്കാരം ചെയ്യുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ബയാസോ* വിൽനിന്നാണ്) അത് ഒന്നുകിൽ പാസിവ് വോയ്സ് ആയോ അല്ലെങ്കിൽ മിഡിൽ വോയ്സ് ആയോ തർജിമ ചെയ്യാം. അത് കാണുന്നത് പാസിവ് വോയ്സിലാണെങ്കിൽ ("ബലാൽക്കാരം"), അതിനർത്ഥം രാജ്യത്തിനു പുറത്തുനിന്നു അക്രമം വരുന്നു എന്നാണ്, യോഹന്നാനേയും യേശുവിനേയും ആളുകൾ എതിർത്തതുപോലെ. മിഡിൽ വോയ്സിൽ അതു വായിക്കുകയാണെങ്കിൽ ("അക്രമത്തോടുകൂടി, അതു വരുന്നു"), അതിനർത്ഥം, ദൈവരാജ്യം പരിചയപ്പെടുത്തുമ്പോൾ തന്നെ ആളുകൾ അതിൽ നിർബ്ബന്ധിച്ചു കടക്കുവാൻ ശ്രമിക്കും എന്നാണ്.

രാജ്യം "ഒരു ഉപരോധമുള്ള പട്ടണം" ആയി കാണുന്ന രംഗമാണ് രണ്ടാമത്തേത്, അതിന്റെ മതിലുകൾ പൊളിച്ച് ആളുകൾ പ്രവേശിക്കുവാൻ ശ്രമിക്കുന്നു. രാജ്യം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു എങ്കിലും, വളരെ താൽപര്യത്തോടെ ആളുകൾ അതിൽ കടക്കുവാൻ നോക്കും. ചിലർ അതിന്റെ അത്യാവശ്യ വാതിലിൽ കൂടെ കടക്കുവാൻ സമ്മർദ്ദം ചെലുത്തും; മറ്റുള്ളവർ അതിനകത്തുള്ള പ്രമുഖ സ്ഥാനം കരസ്ഥമാക്കുവാൻ തള്ളി മാറ്റിക്കൊണ്ടിരിക്കും (20:21; ലൂക്കൊ. 16:16; 19:11; 22:24-30; യോഹ. 6:15; പ്രവൃ. 1:6). ആ വ്യാഖ്യാനങ്ങളിൽ ആദ്യത്തേത് നിഷേധരൂപത്തിലുള്ളതാണ്, രണ്ടാമത്തേത് ക്രിയാത്മകമാണ്. രാജ്യം അക്രമാസക്തമായി വരുന്നതായിരിക്കാം ഇവിടെ അർത്ഥമാക്കുന്നത്.

**വാക്യം 13.** ഈ സമയത്ത്, യോഹന്നാൻ വഹിച്ച പഴയതും പുതിയതുമായ പങ്കിന്റെ വ്യത്യാസത്തിനാണ് യേശു ഇവിടെ ഊന്നൽ നൽകുന്നത്. **സകല പ്ര**

**വാചകന്മാരും ന്യായപ്രമാണവും** എന്ന പ്രയോഗം, സാധാരണ ഉപയോഗിച്ചിരിക്കുന്ന ക്രമത്തെ തിരിച്ചാണ് പറഞ്ഞിരിക്കുന്നത്, അതായത് "ന്യായപ്രമാണവും പ്രവാചകന്മാരും" (5:17; 7:12; 22:40). യോഹന്നാൻ പ്രവചന നിവർത്തീകരണം ആയിരുന്നു എന്ന് അടിവരയിടുന്നതാണ്. ഏതാണ്ട് നാനൂറു വർഷം പ്രവാചകന്മാരുടെ ശബ്ദം കേൾപ്പാനില്ലായിരുന്നു. അവസാന പ്രവാചകനായിരുന്നു മലാഖി യോഹന്നാൻ വരുമെന്ന് പ്രവചിച്ചിരുന്നു (11:9, 10). പ്രവാചകന്മാർ മൊത്തത്തിൽ യോഹന്നാന്റെ വരവിനു ചുറ്റുമുള്ള കാര്യങ്ങളെ കുറിച്ചാണ് സംസാരിച്ചത്. "മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം 'ആയിരുന്നു അവന്റേത്, കർത്താവിന്നു വഴി ഒരുക്കുവാനും, അവന്റെ പാത നിരപ്പാക്കുവാനുമാണ്' " വന്നത് (3:3; യെശ. 40:3 നോക്കുക). യോഹന്നാന്റേയും അവന്റെ പിന്നാലെ വന്നവന്റേയും വരവോടെ പ്രവാചകന്മാരുടെ മുന്നറിയിപ്പുകളെല്ലാം നിവർത്തിയായി. രാജ്യത്തിന്റെ ആവിർഭാവത്തെ കുറിച്ചും ന്യായപ്രമാണവും പ്രവാചകന്മാരും മുന്നറിയിച്ചിരുന്നു (ദാനി. 2:44), ആ രാജ്യമാണ് "ആസന്നമായിരിക്കുന്നു" എന്നു യോഹന്നാനും യേശുവും പറഞ്ഞത് (3:2; 4:17).

**വാക്യം 14. വരുവാനുള്ള ഏലിയാവായിട്ടാണ്** യേശു യോഹന്നാനെ പരിചയപ്പെടുത്തിയത്. മലാഖി 4:5 ന്റെ നിവർത്തീകരണമായിരുന്നു അത്: "യഹോവയുടെ വലുതും പ്രസിദ്ധവുമായ നാൾ വരുംമുമ്പെ ഞാൻ നിങ്ങൾക്ക് ഏലിയാപ്രവാചകനെ അയക്കും." ഈ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ, ഏലിയാവിന്ന് ഭൗതികമായ മരണം അനുഭവപ്പെട്ടിരുന്നില്ല (2 രാജാ. 2:11, 12), അവൻ അക്ഷരികമായി ഭൂമിയിലേക്ക് മടങ്ങി വരും എന്നായിരുന്നു യെഹൂദന്മാർ വിചാരിച്ചിരുന്നത്.[11] താൻ അക്ഷരികമായി ഏലിയാവാണെന്ന വസ്തുത യോഹന്നാൻ നിഷേധിച്ചിരുന്നു (യോഹ. 1:21), എന്നാൽ മലാഖിയിൽ പ്രവചിച്ചതുപോലെ, യേശു യോഹന്നാനെ ഏലിയാവായിട്ട് തിരിച്ചറിയിച്ചിരുന്നു (17:10–13; മർക്കൊ. 9:11–13). യോഹന്നാൻ വന്നത് "ഏലിയാവിന്റെ ആത്മാവോടും ശക്തിയോടുംകൂടെ" ആയിരുന്നു (ലൂക്കൊ. 1:17).

എല്ലാവരും യോഹന്നാനെ "ഏലിയാവായിട്ട്" **അംഗീകരിക്കയില്ല എന്നു** യേശുവിന് അറിയാമായിരുന്നു. ഏലിയാവ് അക്ഷരികമായി തിരിച്ചുവരുമെന്നായിരുന്നു അവരുടെ മുൻവിധിയാലുള്ള നിർണ്ണയം, തന്നെയുമല്ല, യോഹന്നാൻ തടവിലായതും അവർക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ആ തിരിച്ചറിവു അവർക്ക് സ്വീകരിക്കുവാൻ കഴിയാത്തതിനാൽ ഇടർച്ചയായി തീർന്നു (11:6 ന്റെ പരാമർശം നോക്കുക).

**വാക്യം 15.** തന്റെ പ്രബോധനം ശ്രദ്ധിക്കുവാൻ ശ്രോതാക്കളോട് അവസാനം പറഞ്ഞു: **"കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ."** സംക്ഷിപ്ത സുവിശേഷങ്ങളിലും വെളിപ്പാടിലും അവന്റെ ഇതേ പ്രയോഗങ്ങൾ കാണാം (13:9, 43; മർക്കൊ. 4:9, 23; ലൂക്കൊ. 8:8; 14:35; വെളി. 2:7, 11, 17, 29; 3:6, 13, 22; 13:9). കേൾക്കുവാൻ കഴിയുന്ന വചനം ഒരാൾ വെറുതെ കേൾക്കുകയല്ല, വിശ്വാസത്താലും അനുസരണത്താലും ജീവിതത്തെ മാറ്റുകയാണ് വേണ്ടത്.

## യോഹന്നാനോടും യേശുവിനോടും ആളുകളുടെ പ്രതികരണം (11:16-19)

**16"എന്നാൽ ഈ തലമുറയെ ഏതിനോട് ഉപമിക്കേണ്ടു? ചന്തസ്ഥലങ്ങളിൽ ഇരുന്നു ചങ്ങാതികളോട്, 17ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി, നിങ്ങൾ**

**നൃത്തം ചെയ്തില്ല; ഞങ്ങൾ വിലാപം പാടി, നിങ്ങൾ മാറത്തടിച്ചില്ല എന്നു വിളിച്ചു പറയുന്ന കുട്ടികളോട് അതു തുല്ല്യം. [18]യോഹന്നാൻ തിന്നുകയും കുടിക്കുകയും ചെയ്യാത്തവനായി വന്നു, അവന്നു ഭൂതമുണ്ടെന്ന് അവർ പറയുന്നു. [19]മനുഷ്യപുത്രൻ തിന്നും കുടിച്ചുംകൊണ്ട് വന്നു; തിന്നിയും കുടിയനുമായ മനുഷ്യൻ; ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതൻ എന്നു അവർ പറയുന്നു; ജ്ഞാനമോ തന്റെ പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടിരിക്കുന്നു."**

**വാക്യം 16**. യേശു ചോദിച്ചു, "**ഈ തലമുറയെ ഞാൻ ഏതിനോട് ഉപമിക്കേണ്ടു?**" "തലമുറ" എന്ന വാക്ക് (*ജെനിയാ*) ഉപയോഗിച്ചിരിക്കുന്നത് പ്രത്യേക സമയത്ത് ജീവിച്ചിരുന്ന ആളുകളെയാണ്, പ്രത്യേകിച്ച് അവനെ തള്ളിക്കളഞ്ഞവർ (12:39, 41, 42, 45; 16:4; 17:17; 23:36; 24:34). ഈ സന്ദർഭത്തിൽ, തന്റെ കാലത്തെ **കുട്ടികളോടാണ്** ആളുകളെ താരതമ്യം ചെയ്തത്, അതായത് വിശ്വാസത്തിൽ പക്വതയില്ലാത്തവർ. മാതാപിതാക്കൾ സാധനങ്ങൾ വാങ്ങുവാനോ, സാമൂഹ്യപ്രവർത്തനത്തിനോ പോകുമ്പോൾ, കുട്ടികൾ **ചന്തസ്ഥലത്ത്** ഇരുന്നു കളിക്കുന്നതു പോലെ ആയിരുന്നു അവർ.

**വാക്യം 17**. അത്തരം കളികളിലേർപ്പെടുന്ന ഒരു കൂട്ടം കുട്ടികൾ, തങ്ങളുടെ കൂട്ടുകാരെ കളിക്കുവാൻ വിളിക്കും, സഹകരിച്ചില്ലെങ്കിൽ അവരെ വിമർശിക്കുന്നവരെയാണ് യേശു ഇവിടെ ചിത്രീകരിക്കുന്നത്. സന്തോഷപ്രദമായ വിവാഹാഘോഷത്തിലെന്നപോലെ, **കുഴലൂതുമ്പോൾ** സഹകരിക്കാത്തവർ **നൃത്തം** ചെയ്തില്ല. അവർ കളി വിട്ട് ഒരു വിലാപ ഗാനം ആലപിച്ചപ്പോഴും ആ സ്നേഹിതന്മാർ സഹകരിച്ചില്ല, അതായത് അവർ ഇവരോടുകൂടെ **കരഞ്ഞില്ല** എന്നർത്ഥം. ആരെങ്കിലും മരിച്ചാൽ, കൂലിക്ക് സ്ത്രീകളെ വിളിച്ചാണ് വിലാപം നടത്തിയിരുന്നത് (9:23 ന്റെ പരാമർശം നോക്കുക). കൂടാതെ ശവസംസ്ക്കാരത്തിൽ പങ്കെടുക്കുന്നവർ വിലപിക്കുന്നവരോടുകൂടെ വിലപിക്കുക പതിവായിരുന്നു.[12]

സാധാരണ ദൈനന്തിന ചിത്രീകരണം വിവരിക്കുന്നത്, ആളുകൾ യോഹന്നാനോടും യേശുവിനോടും യെഹൂദന്മാർ എങ്ങനെ പ്രതികരിച്ചു എന്നാണ്. ദൈവത്തിൽനിന്നുള്ള ആ സന്ദേശവാഹകരോട് രണ്ടുപേരോടും അവർ സഹകരിച്ചില്ല.

**വാക്യം 18**. ആത്മിയ ഗ്രാഹ്യമില്ലാത്ത യെഹൂദ തലമുറയിലേക്കാണ് **യോഹന്നാൻ** വന്നത്. അവന്റെ പ്രത്യേക ജീവിതശൈലി നിമിത്തം അവർ യോഹന്നാനെ ത്യജിച്ചുകളഞ്ഞു. യോഹന്നാൻ **തിന്നാതെയും കുടിക്കാതെയുമാണ് വന്നത്,** അതിനർത്ഥം അവൻ വീഞ്ഞു കുടിക്കാതെയും (ലൂക്കൊ. 1:15), അവന്റെ ഭക്ഷണം "വെട്ടുക്കിളിയും കാട്ടുതേനും" ആയിരുന്നു (3:4). അവൻ തന്റെ ശിഷ്യന്മാർക്ക് വേഗം നിർദ്ദേശം കൊടുത്തു (9:14), അവന്റെ സന്ദേശം ഉറപ്പുള്ളതും ഗൗരവമുള്ളതുമാകയാൽ, ആ തലമുറ അതിനെ തള്ളിക്കളഞ്ഞു. അവരെ അങ്ങനെ വിട്ടുകളയുവാൻ അവൻ ആഗ്രഹിച്ചില്ല, അവരോട് അവൻ മാനസാന്തരപ്പെട്ട് സ്നാനം ഏൽക്കുവാൻ ആഹ്വാനം ചെയ്തു (3:2, 6; മർക്കൊ. 1:4). തൽഫലമായി, അവനിൽ **ഭൂത**മുണ്ടെന്ന് അവർ ആരോപിച്ചു.[13]

തന്റെ തലമുറയെ കുറിച്ച് യേശു പറഞ്ഞപ്പോൾ, മുഖ്യമായും അവന്റെ മനസിലുണ്ടായിരുന്നത് മതാദ്ധ്യക്ഷന്മാരായിരുന്നു. ലൂക്കൊസിന്റെ സമാന്തരവിവരണത്തിൽ സാധാരണ ജനങ്ങളിൽനിന്നുള്ള വ്യത്യാസം കൂടെ ഇടക്കു

ചേർത്തിരിക്കുന്നു (ചുങ്കക്കാരടക്കം), യോഹന്നാന്റെ സ്നാനത്തിന് കീഴ്പ്പെട്ടപ്പോൾ, പരീശന്മാരും ശാസ്ത്രിമാരും അവന്റെ സ്നാനത്തെ തള്ളിക്കളഞ്ഞതിനാൽ, അവരുടെ ജീവിതത്തിൽ ദൈവേഷ്ടത്തെയാണ് അവർ നിരാകരിച്ചത് (ലൂക്കൊ. 7:29, 30; മത്താ. 21:32 നോക്കുക).

**വാക്യം 19. മനുഷ്യപുത്രൻ** എന്നു ഇവിടെ തിരിച്ചറിയിച്ച യേശുവിനേയും, ആ തലമുറ തള്ളിക്കളഞ്ഞു. **ഭൂതമുള്ളവനും കുടിയനും** എന്ന് അവർ അവനെ കുറ്റപ്പെടുത്തി (ആവ. 21:20).[14] വസ്തുതകൾ തെറ്റിദ്ധരിച്ചതുമൂലമായിരുന്നു അവർ കുറ്റാരോപണങ്ങൾ ഉന്നയിച്ചത്. യെഹൂദന്മാരുടെ പാരമ്പര്യ ഉപവാസം അനുഷ്ഠിക്കുവാൻ യേശു തന്റെ അനുയായികളോട് കൽപിച്ചില്ല (9:14), ആളുകൾ വിരുന്നിന് അവനെ പലരും തങ്ങളുടെ വീടുകളിലേക്ക് ക്ഷണിക്കുകയുണ്ടായി (9:9, 10; 26:6, 7; ലൂക്കൊ. 7:36; 10:38; 14:1; 19:5), വിവാഹം തുടങ്ങിയ ആഘോഷങ്ങളിലേക്കും അവനെ ക്ഷണിച്ചു (യോഹ. 2:1-11). യോഹന്നാനെ അവന്റെ വന്യമായ സ്വഭാവത്തെയാണ് വിമർശിച്ചതെങ്കിൽ, യേശുവിനെ അവൻ സാധാരണ ജീവിതവുമായി ബന്ധപ്പെടുന്നതിനെയാണ് വിമർശിച്ചത്.

യേശു തന്റെ ശുശ്രൂഷ തുടർന്നപ്പോൾ, **ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതൻ** എന്നു പറഞ്ഞു, യേശുവിന്റെ കൂട്ടുകെട്ടിനേയും അവർ പരിഹസിച്ചിരുന്നു (9:11 ന്റെ പരാമർശം നോക്കുക). തീർച്ചയായും, അവരെ ദൈവത്തോട് അടുപ്പിക്കുക എന്ന ഉദ്ദേശം വെച്ചുകൊണ്ടാണ് യേശു അവരോടുകൂടെ നടന്നത്, അല്ലാതെ അവരുടെ ദുഷ്പ്രവൃത്തികളിൽ പങ്കുചേരുവാനായിരുന്നില്ല. ലേവിസ് അതിനെ കുറിച്ച് ഇങ്ങനെ പറഞ്ഞു, "മറ്റുള്ളവർ 'ഭക്തിയുള്ളവരുടെ' പ്രത്യേക സംഘമുണ്ടാക്കുമ്പോൾ - വേർപാടുകാർ (പരീശന്മാർ), അല്ലെങ്കിൽ 'വെളിച്ചത്തിന്റെ മക്കൾ' (എസെനെസ്), ശേഷിച്ച വിശുദ്ധന്മാർ എന്നറിയുവാൻ ആഗ്രഹിച്ചു - എന്നാൽ യേശു നഷ്ടപ്പെട്ട ആളുകൾക്കിടയിൽ നടന്നു പ്രവർത്തിച്ചു."[15]

യേശു ഇങ്ങനെ പറഞ്ഞു അവസാനിപ്പിച്ചു, ''**ജ്ഞാനമോ തന്റെ പ്രവൃത്തികളാൽ നീതീകരിക്കപ്പെട്ടിരിക്കുന്നു.**" പഴയനിയമത്തിലേതുപോലെ, "ജ്ഞാനത്തെ" (*ഓഫിയ*) ഒരു സ്ത്രീയായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത് (സദൃശ. 8; 9). "അവളുടെ പ്രവൃത്തികൾ" എന്നതിനു പകരം, ലൂക്കൊസിൽ "അവളുടെ മക്കൾ" എന്നാണ് (ലൂക്കൊ. 7:35). എങ്ങനെയായാലും, പോയിന്റ് ഒന്നു തന്നെയാണ്. ആളുകൾ അവരെ കുറിച്ച് എന്തു പറഞ്ഞാലും, യോഹന്നാനും യേശുവും, വരുവാനുള്ള രാജ്യത്തിനായി ഒരുക്കുകയും, മനുഷ്യരെ അതിനായി മാനസാന്തരപ്പെടുവാൻ ക്ഷണിക്കുകയും ചെയ്തു. അവർ പരിവർത്തനം ചെയ്തവർ - അവരുടെ ജീവിതം പെട്ടെന്നു മാറുകയും - അവരുടെ പ്രവൃത്തികൾ അതിനെ നീതീകരിക്കുകയും ചെയ്തു. എന്നാൽ പരീശന്മാരും മറ്റു വിമർശകരും ദൈവജ്ഞാനത്തെ സ്വീകരിച്ചില്ല. ആത്മീയമായി ജ്ഞാനമുള്ളവർ രാജ്യത്തിന്റെ ഉപദേശത്തിനു കാതുകൊടുത്തു. ലൂക്കൊസിൽ ജ്ഞാനത്തിനു പകരം "മക്കൾ" ചന്തസ്ഥലത്തിരിക്കുന്ന സഹകരിക്കാത്ത "കുട്ടികളിൽ" നിന്നു വ്യത്യസ്തമാണ് (ലൂക്കൊ. 7:32, 35).

## പാഠങ്ങൾ

### ക്രിസ്തു തന്റെ ഉപദേശം തുടർന്നു (അധ്യാ. 11)

മത്തായി 11-ൽ കാണുന്ന ആറു സത്യങ്ങൾ ഇതാ: (1) മാഹാത്മ്യത്തെ

അളക്കുന്ന നമ്മുടെ നിലവാരത്തിൽനിന്നു വ്യത്യസ്തമാണ് ദൈവത്തിന്റേത് (11:1–6). (2) പ്രത്യക്ഷത പലപ്പോഴും വഞ്ചിക്കുന്നതാണ് (11:7–10). (3) നാം ദൈവത്തിനു വേണ്ടി ചെയ്യുന്നതിനെ ഒരിക്കലും വില കുറച്ചു കാണരുത് (11:11–15). (4) സത്യ മതത്തെ മിക്ക ആളുകൾക്കും വേണ്ട (11:16–19). (5) ക്രിസ്തു നമ്മെ ന്യായം വിധിക്കും (11:20–24). (6) തന്റെ അടുക്കൽ വരുന്നവരോട് മനസലിവ് കാണിക്കുകയും അവരുടെ പാപം ക്ഷമിക്കുകയും ചെയ്യും (11:25–30).

**യോഹന്നാൻ സ്നാപകൻ (11:2-6)**

ഒട്ടക രോമം കൊണ്ടുള്ള ഉടുപ്പ് ധരിച്ച ഉപദേഷ്ടാവായിരുന്നു യോഹന്നാൻ സ്നാപകൻ (3:4). യോഹന്നാൻ സ്നാപകനെ മനസിലാക്കുവാൻ, അവന്റെ പശ്ചാത്തലം നാം അറിഞ്ഞിരിക്കണം. അവൻ ജനിക്കുന്നതിനു മുമ്പ് പ്രത്യേകതയുള്ളവനായിരുന്നു (ലൂക്കൊ. 1:1–25, 41, 57–66). അവൻ വെറും ആകാംക്ഷയായിരുന്നില്ല; അസാധാരണയായിരുന്ന അവന്റെ സ്വഭാവം പഴയ നിയമ പ്രവാചകന്മാരുടേതിനു സമമായിരുന്നു (യെശ. 40:3–5; മലാ. 3:1; 4:5, 6). അവന്റെ ജോലി വിവരണം, ഒന്നാമത്തേതായിരുന്നില്ല, രണ്ടാമത്തേതായിരുന്നു - മണവാളന്റെ സ്നേഹിതൻ ആയിരുന്നു, അല്ലാതെ അവൻ മണവാളനായിരുന്നില്ല (3:11; യോഹ. 3:29, 30). അവൻ ക്രിസ്തു ആയിരുന്നില്ല (ലൂക്കൊ. 3:15–17); അവന്റെ ദൗത്യം മശിഹായ്ക്ക് വഴി ഒരുക്കുകയും, ആളുകളുടെ ഹൃദയങ്ങളെ തയ്യാറാക്കുകയും, വെളിച്ചത്തിനു സാക്ഷി നിൽക്കുകയുമായിരുന്നു (യോഹ. 1:1–18, 29–34). അവന്റെ സന്ദേശം ലളിതമായിരുന്നു, "സ്വർഗരാജ്യം ആസന്നമായിരിക്കയാൽ, മാനസാന്തരപ്പെടുവിൻ" (3:2). "പാപമോചനത്തിനായുള്ള മാനസാന്തര സ്നാനമായിരുന്നു" അവൻ പ്രസംഗിച്ചത് (മർക്കൊ. 1:4), യേശുവിനു രാജ്യത്തെ കുറിച്ചുള്ള വാർത്ത അറിയിക്കുന്നതിനു വേണ്ട തയ്യാറെടുപ്പും അവൻ നടത്തി (മർക്കൊ. 1:14, 15). നമ്മുടെ വിശ്വാസം നാം ഗൗരവമായി കാണുവാനാണ് യോഹന്നാൻ പറഞ്ഞത്. നാം "അധര സേവ" നടത്തേണ്ടവരല്ല; നാം കർത്താവിനെ വാക്കിനാലും ക്രിയയാലും സേവിക്കണം.

**സംശയങ്ങളെ കൈകാര്യം ചെയ്യൽ (11:2-6)**

ജീവിതത്തിൽ ഒരിക്കൽ, ഏതാണ്ട് എല്ലാ ക്രിസ്ത്യാനികൾക്കും സംശയം കൈകാര്യം ചെയ്യേണ്ടതായി വരും. അതിൽ പലപ്പോഴും, തീവ്ര പരീക്ഷണങ്ങൾ, സാമ്പത്തിക പ്രതിസന്ധി, ബന്ധങ്ങൾ തമ്മിലുള്ള പോരാട്ടം, ആരോഗ്യ പ്രശ്നം, പ്രിയപ്പെട്ടവരുടെ മരണം എന്നിവ ഉൾപ്പെടുന്നു. സംശയം നമ്മെ അതിശയിപ്പിക്കുന്നില്ല; യോഹന്നാൻ സ്നാപകൻ തടവിലായിരുന്നപ്പോൾ അഭിമുഖീകരിച്ചതും അതു തന്നെ. സംശയത്തെ നാം അവന്റെ മാതൃക പിൻപറ്റി യേശുവിന്റെ അടുക്കൽ എത്തിക്കണം. എങ്ങനെയായാലും, അവ നീക്കം ചെയ്യുവാൻ അവനു മാത്രമെ കഴിയു. ഭൂത - ഗ്രസ്തനായ മകന്റെ അപ്പൻ പ്രാർത്ഥിച്ചതുപോലെ നാം പറയണം: "[കർത്താവേ], ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിനു സഹായിക്കേണമേ!" (മർക്കൊ. 9:24; എൻഐവി).

ഡേവിഡ് സ്റ്റുവർട്ട്

---

കുറിപ്പുകൾ

[1]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പില്ലർ കമെന്ററി

(ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 272. [2]ജാക്ക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 1. ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 158. [3]യോഹന്നാനെ മക്കായേരസ് കോട്ടയിൽ വെച്ച് യോഹന്നാൻ സ്നാപകനെ മരണത്തിന് ഏൽപിച്ചുകൊടുപ്പാൻ കാരണം "ഹെരോദാവിന്റെ ആശങ്കാജനകമായ കോപം" നിമിത്തമായിരുന്നു എന്നാണ് ജോസെഫസ് പറഞ്ഞത് (ജോസെഫസ് *ആന്റികിറ്റിസ്* 18.5.2). [4]മൈക്കിൾ ജെ. വിൽക്കിൻസ്, "മാത്യു," *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗൺസ് കമെന്ററി*, വാല്യം 1, *മാത്യു, മാർക്ക്, ലൂക്ക്,* എഡി., ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോർണ്ടവാൻ, 2002), 72; നോക്കുക ജോസെഫസ് വാഴ്സ് 7.6.2. [5]നോക്കുക ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു 1–13,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം, 33ഏ (ഡാലസ്: വേർഡ് ബുക്ക്സ്, 1993), 300. [6]മോറിസ് 277. [7]ജോസെഫസ് *വാഴ്സ്* 1.24.3. [8]മലാഖി 3:1 ആണ് യേശു ഉദ്ധരിച്ചത്. "മീ" എന്ന സർവ്വനാമം ("കർത്താവിനെ" ആണ് പറയുന്നത്) അത് "യൂ" എന്നാക്കി (പറയുന്നത് അവന്റെ മശിഹയെയാണ്). [9]നോക്കുക മത്താ. 5:19; 10:42; 18:1–4; 20:25–28; 25:40, 45. [10]ലേവിസ്, 161.

[11]നോക്കുക സിരാഖ് 48:1, 10; മിഷ്നാ *എഡുയോത്ത്* 8.7; *സോതാഹ്* 9.15. ചിലർ യേശു ഏലിയാവാണെന്ന് തെറ്റിദ്ധരിച്ചിട്ടുണ്ട് (16:14), എന്നാൽ അവനെ ക്രൂശിൽതറെച്ചപ്പോൾ, അവൻ ഏലിയാവെ വിളിക്കുന്നു എന്നു തെറ്റിദ്ധരിച്ചിട്ടുമുണ്ട് (27:46, 47). [12]ജോസെഫസ് *എഗെൻസ്റ്റ് അപ്പിയോൺ* 2.27. [13]യേശുവിനേയും ഭൂത – ഗ്രസ്തൻ എന്നു ആരോപിച്ചിരിക്കുന്നു (9:34; 10:25; 12:24; യോഹ. 7:20; 8:48, 52; 10:20). [14]ബൈബിൾ കാലത്തെ വീഞ്ഞ് മനസിലാക്കുവാൻ, നോക്കുക ഡുവേൻ എഫ്. വാറ്റ്സൺ, "വൈൻ," *ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്,* എഡി. ജോവേൽ ബി.ഗ്രീൻ ആന്റ് സ്കോട്ട് മെക്നൈറ്റ് (ഡൗണേഴ്സ് ഗ്രോവ്,.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 870–73. [15]ലേവിസ്, 163.